മലപ്പുറത്തെ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ

75 [3589] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കെ. എസ്. ആർ. ടി. സി. ഡിപ്പോകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ ഡിപ്പോയിലും ഇപ്പോൾ എത്ര ബസ്സുകൾ വീതമാണ് ഉള്ളതെന്നും, ഓരോ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റു ചെയ്യുന്ന സർവ്വീസുകളുടെ എണ്ണം എത്ര വീതമാണെന്നും വ്യക്തമാക്കാമോ;

(സി) 4 വർഷം മുമ്പ് യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് ഇത് എത്ര വീതമായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് മൊത്തമുള്ള കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ എണ്ണവും സർവ്വീസുകളും മലപ്പുറം ജില്ലയിലെ സർവ്വീസുകളുമായി താരതമ്യം ചെയ്ത് കണക്ക് അറിയിക്കാമോ;

(ഇ) എങ്കിൽ സംസ്ഥാനത്തുള്ള ബസ്സുകളുടെ എത്ര ശതമാനം ബസ്സുകളാണ് മലപ്പുറം ജില്ലയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

1. മലപ്പുറം: 47 ബസ്സുകളുണ്ട്. 41 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.
2. പൊന്നാനി: 26 ബസ്സുകളുണ്ട്. 24 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.
3. പെരിന്തൽമണ്ണ: 29 ബസ്സുകളുണ്ട്. 26 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.
4. നിലമ്പൂർ: 12 ബസ്സുകളുണ്ട്. 11 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി)

1. മലപ്പുറം	..	64 ബസ്സുകൾ/സർവ്വീസുകൾ
2. പൊന്നാനി	..	36 ബസ്സുകൾ/സർവ്വീസുകൾ
3. പെരിന്തൽമണ്ണ	..	26 ബസ്സുകൾ/സർവ്വീസുകൾ
4. നിലമ്പൂർ	..	10 ബസ്സുകൾ/സർവ്വീസുകൾ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തു മൊത്തം 4773 ബസ്സുകളും 4236 സർവ്വീസുകളും ഇപ്പോഴുണ്ട്. മലപ്പുറം ജില്ലയിൽ നിലവിൽ 114 ബസ്സുകളും 102 സർവ്വീസുകളും ഉണ്ട്.

(ഇ) സംസ്ഥാനത്തുള്ള ബസ്സുകളുടെ എണ്ണത്തിലെ 2.4 ശതമാനവും സർവ്വീസുകളിലെ 2.41 ശതമാനവുമാണ് മലപ്പുറം ജില്ലയിൽ ഉള്ളത്.

കെ. എസ്. ആർ. ടി. സി.യെ സേവനമേഖലയിൽ നിലനിർത്താൻ നടപടി

76 [3590] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ആകെയുള്ള ജീവനക്കാരുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളമിനത്തിൽ പ്രതിമാസം ചെലവാകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ കെ. എസ്. ആർ. ടി. സി. യിൽ എത്ര പേർക്ക് പെൻഷൻ നൽകുന്നു; ആയതിലേക്ക് ചെലവാകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) കെ. എസ്. ആർ. ടി. സി. യുടെ ഒരു മാസത്തെ ശരാശരി വരുമാനം എത്രയാണ്; പ്രസ്തുത വരുമാനംകൊണ്ട് ജീവനക്കാർക്കും, പെൻഷൻകാർക്കും ശമ്പളവും പെൻഷനും നൽകുവാൻ തികയുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ കെ. എസ്. ആർ. ടി. സി. യിലെ ഒഴിവുകളുടെ എണ്ണം കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) കെ. എസ്. ആർ. ടി. സി. ഒരു സേവനമേഖലയായി നിലനിറുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പ്രതിമാസം ശരാശരി 14.25 കോടി രൂപ.

(സി) ലഭ്യമായ കണക്കനുസരിച്ച് പെൻഷൻകാരുടെ എണ്ണം 23468 ആണ്. ചെലവാകുന്ന തുക പ്രതിമാസം ശരാശരി 9.25 കോടി രൂപയാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly